LIBRARY ARCHIVES Kerala Legislative Assembly

ഉള്ളൂർ കടവിൽ പാലം പണിയുവാൻ നടപടി

50 [1460] ശ്രീ. എ. സി ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി ചെങ്ങോട്ടുകാവ് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഉള്ളൂർ കടവിൽ ഒരു പാലം പണിയുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുവാൻ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) സഹായം നൽകുന്നതിന് നബാർഡ് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആന്റ് (സി) 300 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള ഈ പാലം നിർമ്മാണത്തിന് നബാർഡ് സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ നിർദ്ദേശം നബാർഡിന്റെ പരിഗണനയിലാണ്.

എടപ്പലം പാലം നിർമ്മിക്കാൻ നടപടി

51 [1461] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എടപ്പലത്ത് നിന്ന് കുന്തിപ്പുഴയ്ക്ക് കുറുകെ എടപ്പലം പാലം, നിർമ്മിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) വളരെ ജനോപകാരപ്രദമായ ഈ പാലം നിർമ്മിക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത്‌രാജ് നിയമം നിലവിൽ വന്നതോടെ ഈ പാലം നിർമ്മിക്കേണ്ട ചുമതല പഞ്ചായത്ത് വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികൾ ഇക്കാര്യത്തിൽ ഒരു യോജിച്ച തീരുമാനത്തിലെത്തിയിട്ടില്ല. പ്രസ്തുത സ്ഥലത്ത് പൊതുമരാമത്ത് വകുപ്പിന്റെ ചെലവിൽ ഒരു തൂക്കുപാലം നിർമ്മിക്കാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

കൊച്ചുകടപ്പാലം ഗതാഗതയോഗ്യമാക്കാൻ നടപടി

52 [1462] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കൊച്ചുകടപ്പാലം ഇപ്പോൾ ഗതാഗതയോഗ്യമാണോ;